**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3606** **08-10-2025 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ ഡിജിറ്റൽ റീസർവേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ ഡിജിറ്റൽ റീസർവേ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഡിജിറ്റൽ സർവെ പദ്ധതിയുമായി ബന്ധപ്പെട്ട് മണലൂർ മണ്ഡലത്തിലെ കാരമുക്ക്, മനക്കൊടി എന്നീ വില്ലേജുകളെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിനും, ബ്രഹ്മകുളം വില്ലേജിനെ രണ്ടാം ഘട്ടത്തിലും,എളവള്ളി,തൈക്കാട് എന്നീ വില്ലേജുകലെ മൂന്നാം ഘട്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.ഒന്നും രണ്ടും ഘട്ടങ്ങളിലെ എല്ലാ വില്ലേജുകളുടെയും സർവെ അതിരടയാള നിയമം അനുസരിച്ചുള്ള സെക്ഷൻ 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് സെക്ഷൻ 13 നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തി റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള തുടർ നടപടികൾ നടന്നുവരുന്നു. മൂന്നാം ഘട്ടത്തിലെ എളവള്ളി, തൈക്കാട് വില്ലേജുകളുടെ പ്രാരംഭ ജോലികളും നടന്നു വരുന്നു.<br><br>മൂന്നാം ഘട്ടത്തിലെ എളവള്ളി,തൈക്കാട് വില്ലേജുകളുടെ പ്രാരംഭ ഘട്ട ജോലികളും നടന്നു വരുന്നു. |
| (ബി) | മണലൂർ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീസർവേ നടപടികൾ പൂർത്തീകരിച്ചു; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഡിജിറ്റൽ സർവെ പദ്ധതിയുമായി ബന്ധപ്പെട്ട് മണലൂർ മണ്ഡലത്തിലെ കാരമുക്ക്, മനക്കൊടി എന്നീ വില്ലേജുകളെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിനും, ബ്രഹ്മകുളം വില്ലേജിനെ രണ്ടാം ഘട്ടത്തിലും,എളവള്ളി,തൈക്കാട് എന്നീ വില്ലേജുകലെ മൂന്നാം ഘട്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.ഒന്നും രണ്ടും ഘട്ടങ്ങളിലെ എല്ലാ വില്ലേജുകളുടെയും സർവെ അതിരടയാള നിയമം അനുസരിച്ചുള്ള സെക്ഷൻ 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് സെക്ഷൻ 13 നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തി റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള തുടർ നടപടികൾ നടന്നുവരുന്നു. മൂന്നാം ഘട്ടത്തിലെ എളവള്ളി, |

| | | | |
|---|---|---|---|
| | | | തൈക്കാട് വില്ലേജുകളുടെ പ്രാരംഭ ജോലികളും നടന്നു വരുന്നു.<br><br>മൂന്നാം ഘട്ടത്തിലെ എളവള്ളി,തൈക്കാട് വില്ലേജുകളുടെ പ്രാരംഭ ഘട്ട ജോലികളും നടന്നു വരുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ ഇനി പൂർത്തിയാക്കാൻ ബാക്കിയുള്ള വില്ലേജുകളിലെ ഡിജിറ്റൽ റീസർവേയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത മണ്ഡലത്തിലെ 22 വില്ലേജുകളിൽ 5 വില്ലേജുകളെ പദ്ധതിയുടെ ആദ്യ മൂന്നു ഘട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 17 വില്ലേജുകളെ തുടർഘട്ടങ്ങളിൽ ഉൾപ്പെടുത്തി സർവെ നടപടികൾ പൂർത്തിയാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ഡി) | റീസർവേയ്ക്കുശേഷം രേഖകളിൽ നിന്നും വ്യത്യാസമായി മിച്ചമുള്ളതോ കുറവുള്ളതോ ആയി വരുന്ന ഭൂമിയിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ; | (ഡി) | ഡിജിറ്റൽ സർവെ രേഖകളിൽ സ്ഥലം കുറഞ്ഞവർക്കും കൂടിയവർക്കും കൈവശത്തിനനുസരിച്ച് കരം ഒടുക്കി നൽകുന്നതുമായി ബന്ധപ്പെട്ട നിയമ നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (ഇ) | അതിർത്തി തർക്കങ്ങളുടെയും മറ്റും ഭാഗമായി ഭൂമി കുറവുള്ളവർക്ക് പ്രസ്തുത ഭൂമിയോട് ചേർന്നുള്ള അധിക ഭൂമിയുള്ളവരിൽ നിന്നും ക്രമീകരിക്കുന്നതിന് നടപടികളെടുക്കുമോ; വിശദമാക്കുമോ? | (ഇ) | ഡിജിറ്റൽ സർവെ നടത്തുന്ന അവസരത്തിൽ തന്നെ ഭൂവുടമയെ സർവെ റിക്കോർഡുകൾ കാണിച്ച് ബോധ്യപ്പെടുത്തുകയും, സർവെ പൂർത്തിയാകുന്ന മുറയ്ക്ക് സർവെ സംബന്ധിച്ച വിവരം പോർട്ടൽ മുഖേന ഉടമസ്ഥർക്ക് ലഭ്യാകുന്നതുമാണ്.കൂടാതെ ,വിപുലമായ പ്രചാരണം നൽകി പ്രീ 9(2) ക്യാമ്പുകൾ സംഘടിപ്പിച്ച് റിക്കാർഡുകൾ എല്ലാ ഭൂവടമസ്ഥരെക്കൊണ്ട് പരിശോധിപ്പിക്കുന്നതിനുള്ള നടപടികളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്.<br><br>ടി നടപടികളിലൂടെ ഡിജിറ്റൽ സർവെ പൂർത്തിയാക്കി സർവെ സംബന്ധിച്ചപരാതികൾ പരിഹരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ